FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY AND VIGILANCE

# JAGRATHA NEWS

235th Issue

August 2015



**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Stanley Roman
Mar Sebastian Adayanthrath

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi - 25
Phone: +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: jagrathakcbc.blogspot.com

# ജാഗ്രത

ജാഗ്രതയോടെ ഉണർന്നിരിക്കുക .......... 2
ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്
ചെയർമാൻ, കെ.സി.ബി.സി ഐക്യജാഗ്രതാകമ്മീഷൻ

മതതീവ്രവാദം .......... 3-5
- മതങ്ങളുടെ അന്തസ്സത്തയിൽ തീവ്രവാദത്തിന് ഇടമില്ല .......... 3
- പശ്ചിമേഷ്യയും ഭീകരപ്രസ്ഥാനവും .......... 3
- മതതീവ്രവാദത്തിനുനേരെ കണ്ണടച്ച് സ്വയം നിശബ്ദരാകാതിരിക്കുക .......... 3
- ലോകത്തിൽ ഏറ്റവും അധികം ദൃശ്യത ലഭിച്ചത് മുസ്ലീം തീവ്രവാദത്തിന് .......... 4
- വർഗ്ഗീയത മതഭീകരതയുടെ ആദ്യരൂപം .......... 4
- മതമൗലികവാദ ധ്രുവീകരണവും അനന്തരഫലങ്ങളും .......... 5
- മതതീവ്രവാദത്തിനെതിരെ ജാഗ്രതവേണം .......... 5

കെ.സി.ബി.സി. പ്രസ്താവനകൾ .......... 6-8
- മാർ ആനിക്കുഴിക്കാട്ടിലിന്റെ വാക്കുകൾ ആരെയും വേദനിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നില്ല .......... 6
- തെരഞ്ഞെടുപ്പു ഫണ്ടുകൾ സുതാര്യമാക്കുന്നതിൽ രാഷ്ട്രീയ പാർട്ടികൾ നിലപാടു വ്യക്തമാക്കണം .......... 6
- രാഷ്ട്രീയ നേതാക്കൾ സാമൂഹ്യസൗഹൃദം തകർക്കുന്നു .......... 6
- ഗർഭച്ഛിദ്രം: പുതിയ ബിൽ അടിസ്ഥാന മനുഷ്യാവകാശങ്ങളെ ലംഘിക്കുന്നു .......... 7
- ഹൈക്കോടതി വിധി ആശങ്കാജനകം .......... 7
- വ്യക്തികളുടെ സ്വകാര്യത മാനിക്കപ്പെടണം .......... 7
- വിഴിഞ്ഞം തുറമുഖപദ്ധതി: മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കണം .......... 8

വാർത്തകൾ .......... 9

# ജാഗ്രതയോടെ ഉണർന്നിരിക്കുക

(പി.ഒ.സി.യിൽ 3/8/2015 ൽ നടന്ന ഐക്യജാഗ്രതാകമ്മീഷൻ സോണൽ ഡയറക്റ്റർമാരുടെയും- കോർഡിനേറ്റർമാരുടെയും മീറ്റിംഗിൽ **ചെയർമാൻ, ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്** നൽകിയ സന്ദേശത്തിന്റെ സംഗ്രഹം)

വിഭാഗീയത വർദ്ധിക്കുകയും മതമൗലികവാദങ്ങളും തീവ്രവാദസംഘടനകളും കൂടുതൽ ശക്തിപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ, 'ഐക്യജാഗ്രത കമ്മീഷൻ' കുറെക്കൂടി ഉണർന്നു പ്രവർത്തിക്കുക ആവശ്യമാണ്.

വിദ്യാഭ്യാസ മേഖലകളിൽ വാഗ്ദാനങ്ങൾ നിരവധി ഉണ്ടെങ്കിലും പ്രായോഗികമായി അവ നടപ്പിലാക്കാത്ത അവസ്ഥ ഇന്നും നിലനില്ക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഉന്നതമായ ലക്ഷ്യം വികസനവും വിമോചനവുമാണ്. ദൈവം നല്കിയിരിക്കുന്ന കഴിവുകളെ വികസിപ്പിച്ചെടുത്തുകൊണ്ട് കുടുംബത്തിനും സമൂഹത്തിനും കാതലായ സംഭാവന നല്കുവാൻ ഒരു വ്യക്തിയെ പ്രാപ്തമാക്കുന്ന പക്വമായ പ്രക്രിയയാണ് വിദ്യാഭ്യാസം. അങ്ങനെ സംഭാവന ചെയ്യുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും, എപ്പോഴും സമൂഹം നന്ദിയോടെ ഓർമ്മിക്കും. എന്തുകൊടുക്കാം എന്നു ചിന്തിച്ച് അഭിമാനത്തോടെ പ്രവർത്തിച്ച മേഖലകൾ ഇന്ന് നമുക്ക് എന്ത് കിട്ടും എന്നു ചിന്തിക്കുവാൻ തുടങ്ങിയ നിമിഷം മുതൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എതിർസാക്ഷ്യമായിരിക്കുന്നു. ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളുടെ നാനാവിധ വികസനത്തിന് കാര്യമായ ശ്രദ്ധ ചെലുത്തുന്നില്ല. ബൗദ്ധികമായി ഉയർന്ന നിലവാരം പുലർത്തുന്നതിലാണ് എല്ലാവരുടെയും ശ്രദ്ധ. ഇന്ന് സ്കൂളുകളിലും കോളേജുകളിലും അസ്വസ്ഥതയും അപകർഷതാബോധവുമുള്ള കുട്ടികളുടെ സംഖ്യ വലുതാണ്. അവർക്ക് വീട്ടിലും സ്കൂളിലും കോളേജിലും വേണ്ടത്ര സ്നേഹവും അംഗീകാരവും കിട്ടുന്നില്ല. ഇങ്ങനെയുള്ള കുട്ടികളെ ആകർഷിക്കാൻ മദ്യ-മയക്കുമരുന്നു ലോബികളും, സെക്സ് റാക്കറ്റുകളും കാത്തിരിക്കുകയാണ്. സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എല്ലാ മേഖലകളിലും ബന്ധിതനാവുകയാണ്. അങ്ങനെയുള്ള ബന്ധനങ്ങളിൽ നിന്നു അവരെ മോചിപ്പിക്കുന്നതിന് നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ദൈവം അവരെ സ്നേഹിക്കുന്നു എന്ന ഒരു അവബോധത്തിലേക്ക് വളർത്തുവാൻ നമുക്ക് സാധിക്കണം. നമ്മുടെ കുട്ടികൾക്ക് കുടുംബം സ്കൂൾ കോളേജ് യുവജനപ്രസ്ഥാനം എന്നിവയിൽനിന്ന് വേണ്ട ദൈവാനുഭവവും ബോധ്യങ്ങളും ലഭിക്കാത്തതു കൊണ്ട് വളരെയേറെ ദോഷങ്ങളുണ്ടാകുന്നുണ്ടെന്ന് നാമറിയണം.

ആധുനിക കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ചും ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും നീതിയോടെ സമൂഹത്തിൽ നാം വർത്തിക്കണം. മതഭീകരത, മൗലികതവാദം എന്നിവയെക്കുറിച്ച് പൊതുസമൂഹത്തിനു മുന്നറിയിപ്പു കൊടുക്കാനും മത ത്രീവ്രവാദത്തിനെതിരെ ജാഗ്രത പുലർത്താനും നമുക്ക് കഴിയണം. ഭാരതത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന മതനിരപേക്ഷതയും ജനാധിപത്യവും സംരക്ഷിക്കുവാൻ നല്ല മനസ്സുള്ള എല്ലാവരെയും സഹകരിപ്പിച്ച് സഭ പ്രവർത്തനങ്ങൾ കരുപ്പിടിപ്പിക്കണം. ഈ മേഖലയിൽ ജാഗ്രതാകമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങൾക്കും, ഉദ്യമങ്ങൾക്കും എല്ലാവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നു.

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

*ചെയർമാൻ, കെ.സി.ബി.സി ഐക്യജാഗ്രതാകമ്മീഷൻ*

# മതങ്ങളുടെ അന്തസ്സത്തയിൽ തീവ്രവാദത്തിന് ഇടമില്ല

മാർ ജോസഫ് പെരുന്തോട്ടം

മതങ്ങളുടെ യഥാർഥ അന്തസ്സത്ത യിലും മൂല്യങ്ങളിലും മതതീവ്രവാദ ത്തിനോ ഭീകരതയ്ക്കോ സ്ഥാനമി ല്ലെന്നു കെ.സി.ബി.സി വൈസ് പ്രസി ഡന്റ് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു. കേരള കത്തോ ലിക്കാ മെത്രാൻ സമിതിയുടെയും ദൈവ ശാസ്ത്ര പണ്ഡിതരുടെയും ഏക ദിന സമ്മേളനം സീറോ മലബാർ സഭ യുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്യുക യായിരുന്നു അദ്ദേഹം. മതതീവ്രവാദവും മതഭീകരതയും ലോകത്തിൽ വളരുന്നത് ഭീതികൊണ്ടാണ്. സ്നേഹം, സഹി ഷ്ണുത, പരസ്പര അംഗീകാരം എന്നിവ കൊണ്ടാണ് അതിനെ അതിജീവിക്കേ ണ്ടതെന്നും മാർ പെരുന്തോട്ടം ഓർമിപ്പിച്ചു.

*(ദീപിക 5/8/2015)*

# പശ്ചിമേഷ്യയും ഭീകരപ്രസ്ഥാനവും

ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്

ലോകത്തിലെ ഏറ്റവും പ്രബലമായ ഭീകരഗ്രൂപ്പാണ് ഇസ്ലാമിക സ്റ്റേറ്റ് (ഐ.എസ്) ജിഹാദിസ്റ്റുകളാണ് (വിശുദ്ധ യുദ്ധം നടത്തുന്നവർ) ഇവർ. തങ്ങൾ മാത്രമാണ് സത്യവിശ്വാസികൾ എന്നു ശഠിച്ചുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്, ഇറാ ക്കിലേയും സിറിയയിലെയും (ലെവാന്ത്) ഇസ്ലാമിക് സ്റ്റേറ്റുകൾ (ഐഎസ് ഐഎൽ) എന്നാണ് ഈ തീവ്രവാദികൾ അറിയപ്പെടുന്നത്. ഇറാക്ക്, സിറിയ ഗവൺമെന്റുകളിൽ നിന്ന് ആയുധങ്ങൾ പിടിച്ചെടുത്ത് അവർ യുദ്ധം ചെയ്യുന്നു. എതിരാളികളെ ഭീഷണിപ്പെടുത്തൽ, അവരുടെശിരശ്ഛേദനം നടത്തൽ, വെടിവെയ്പ്, ബോംബാക്രമണം തുടങ്ങി യവ ഇവരുടെ സാധാരണ പ്രവർത്തനമാ യിക്കഴിഞ്ഞിരിക്കുന്നു.

തങ്ങളുടെ നിയന്ത്രണത്തിനു കീഴിൽ കൊണ്ടു വരുന്ന സ്ഥലങ്ങളിലെ വ്യവ സായം, വരുമാനം, ഫീസുകൾ എന്നിവ യെല്ലാം അവർ കൈക്കലാക്കുന്നു. ഇസ്ലാ മിക സ്റ്റേറ്റ് രൂപീകരിക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം. ക്രൈസ്തവരെയാണ് ഇവർ പ്രധാനമായും ഉന്നം വയ്ക്കുന്നത്. എങ്കിലും ക്രൈസ്തവർ മാത്രമല്ല ഇതര മുസ്ലീം വിഭാഗങ്ങൾ ഉൾപ്പടെ മറ്റു പല ന്യൂനപക്ഷ മതവിഭാഗങ്ങളും ഇവരുടെ രൂക്ഷമായ ആക്രമണങ്ങൾക്കു വിധേയ രാകുന്നു.

ഐഎസ് തീവ്രവാദപ്രവർത്തനത്തിനു പിന്നിൽ വളരെ ലളിതമായ മതപരമായ ഒരു ഘടകം മാത്രമേ ഉള്ളൂ എന്നു കരുതുന്നതിൽ അർഥമില്ല. ഇസ്ലാമിക ലോകത്തെ ഇത് ഇളക്കിമറിക്കുന്നുണ്ട്. എന്നതാണു യാഥാർത്ഥ്യം. വളരെ സങ്കീർണമായ ഒരു സങ്കരമാണ് ഐഎസ്. മതപരമായ ഘടകങ്ങളിൽ നിന്നു മാത്രം ഭീകര പ്രവർത്തനങ്ങളുടെ ആവിർഭാവം ഉണ്ടാകുന്നു എന്ന കാഴ്ചപ്പാടു തന്നെ മാറേണ്ട കാലം കഴിഞ്ഞു.

ക്രൈസ്തവർക്കെതിരായ യുദ്ധം, അവിശ്വാസികൾക്കെതിരായ വിശുദ്ധ യുദ്ധം, മതനിഷേധികളായ ഭരണകർ ത്താക്കൾക്ക് എതിരായ യുദ്ധം എന്നി ങ്ങനെയെല്ലാം നാം ഇതിനെ വ്യാഖ്യാനി ക്കുമ്പോൾ ഈ ഭീകരർ വീണ്ടും അമിതാ വേശം കൊള്ളുകയാണ്. ഇസ്ലാമിനെ മഹത്വപ്പെടുത്താൻ എന്ന പുറംപൂച്ചിൽ നടത്തുന്ന ഈ കടന്നുകയറ്റങ്ങളെല്ലാം ഇസ്ലാമിനെ ലോകത്തിനു മുമ്പിൽ തെറ്റായി അവതരിപ്പിക്കുകയാണ്. ഇസ്ലാമിക ലോകം ഒന്നടങ്കം സമാധാന വിരോധിക ളാണ് എന്ന തെറ്റായ സന്ദേശം നൽകുക യാണിവർ. ഐഎസുകാർ ഇസ്ലാമിസം ഒരു അനുകൂലകൊടിയായി ഉപയോഗി ക്കുന്നു. വാസ്തവത്തിൽ അവർ ഇസ്ലാ മിന്റെ കൊടിയേറ്റി അതിനെ കത്തിക്കുക യാണ്.

*(ദീപിക 25/8/2015)*

# മതതീവ്രവാദത്തിനുനേരെ കണ്ണടച്ച് സ്വയം നിശബ്ദരാകാതിരിക്കുക

ഫാ. ടോണി നീലങ്കാവിൽ

ബഹുസ്വരതയെ അംഗീകരിച്ചു കൊണ്ടു ക്രിസ്തീയമായി പ്രതികരി ക്കുക. നമ്മുടെ ചുറ്റുമുള്ളവരെ പരിഗ ണിച്ച്, എളിമയോടും കൃതജ്ഞത യോടും കൂടെ നമ്മുടെ വിശ്വാസ ത്തെയും സഭയെയും ലോകവുമായുള്ള സംവാദത്തിലേക്ക് നയിക്കുക. ബഹു മത-ബഹുസംസ്കാര സമൂഹരൂപീകര ണത്തിലും മതേതര രാഷ്ട്രനിർമ്മിതി യിലും സഭ കൂടുതലായി പങ്കുചേരുക. നമ്മുടെ ക്രിസ്ത്വനുഭവവും സഭയു മെല്ലാം അനന്യമായ ദൈവാനുഗ്രഹ മാണ്. എന്നാൽ അത് അവകാശമായി കണക്കാക്കി മറ്റുള്ളവരെ വിധിക്കാനോ, അവരുടെ മേൽ കുതിരകയറാനോ നമുക്കവകാശമില്ല. ദൈവത്തെ ത്തന്നെ ചൂഷണം ചെയ്യുന്നവനാണ് മതതീവ്രവാദി, കാരണം, അയാൾ ദൈവികസത്യത്തെ പൂർണമായും സ്വന്തമാക്കിയിരിക്കുന്നു. സത്യത്തിന്റെ കുത്തകാവകാശം തനിക്കാണ്എന്ന് അവകാശപ്പെടുന്നു. എന്നാൽ, യഥാ ർത്ഥ മതവിശ്വാസി ദൈവികസത്യ ത്താൽ സ്വന്തമാക്കപ്പെടുന്നതിനുള്ള അന്വേഷണത്തിലേർപ്പെടുന്നവനാണ്. മത തീവ്രവാദത്തിനു നേരെ കണ്ണടച്ച് സ്വയം നിശ്ശബ്ദരാകാതിരിക്കുക.

*(കെസിബിസി തിയളോജിക്കൽ സെമിനാർ, 4/8/2015)*

# ലോകത്തിൽ ഏറ്റവും അധികം ദൃശ്യത ലഭിച്ചത് മുസ്ലീം തീവ്രവാദത്തിന്

**പ്രഫ. ഹമീദ് ചേന്ദമംഗലൂർ**

ഒരു പ്രത്യേക മതത്തിൽ മാത്രമുള്ളതല്ല മതതീവ്രവാദവും മൗലികതവാദവും. അത് എല്ലാ മതത്തിലുമുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മതതീവ്രവാദം അതിന്റെ സാന്നിധ്യം അറിയിച്ചിട്ടുണ്ട്. മതതീവ്രവാദം മുൻപ് പ്രാദേശികമായിരുന്നുവെങ്കിൽ ഇന്ന് സാർവത്രികമാണ്. ലോകത്തിൽ ഏറ്റവും അധികം ദൃശ്യതലഭിച്ച തീവ്രവാദം മുസ്ലീംതീവ്രവാദമാണ്.സിക്ക് ഹൈന്ദവ ക്രിസ്തീയ ജൂതതീവ്രവാദങ്ങൾ ലോകത്തിലുണ്ടായിട്ടുണ്ടെങ്കിലും അതൊന്നും അത്രകണ്ട് ദൃശ്യതയിൽ എത്തിയില്ല. കാരണം അവയെല്ലാം തന്നെ പ്രാദേശികതലത്തിൽ ഒതുങ്ങിനിന്നു. എന്നാൽ മുസ്ലീം തീവ്രവാദം ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉദയം ചെയ്തു എന്നതു കൊണ്ട് അത് കൂടുതൽ ദൃശ്യവത്കക്കരിക്കപ്പെട്ടു.

തീവ്രവാദത്തിൽ പഴയതും പുതിയതുമുണ്ട്. പഴയ തീവ്രവാദത്തിനു മതവുമായി ബന്ധമില്ല. ശ്രീലങ്കയിലെ എൽ.റ്റി.റ്റി, പാലസ്തീനിയൻ തീവ്രവാദം എന്നിവ ഉദാഹരണങ്ങളാണ്. ഇവയെല്ലാം പ്രാദേശികമാണ്. പുതിയ തീവ്രവാദം മതവുമായി ബന്ധപ്പെട്ടതാണ്. മതങ്ങളെ രണ്ടു രീതിയിൽ കാണാം. 1. Religion of values (മൂല്യങ്ങളുടെ മതം). മഹാത്മാഗാന്ധി, സ്വാമിവിവേകാനന്ദൻ, മദർതെരേസ മുതലായവർ മൂല്യങ്ങളുടെ മതം ഉൾക്കൊണ്ടവരാണ്. മൂല്യങ്ങളുടെ കലവറയാണ് മതം. മതം കാത്തുസൂക്ഷിക്കുന്ന മൂല്യങ്ങളാണ് മതത്തെ മൂല്യമുള്ളതാക്കിത്തീർക്കുന്നത്. മൂല്യങ്ങളുടെ മതം സമാധാനത്തിന്റെ മതമാണ്. 2. Religion of Identity (സ്വത്വത്തിന്റെ മതം) മതത്തെ സ്വത്വത്തിന്റെ ഭാഗമായി കാണുമ്പോൾ വേർപെട്ടുനില്ക്കുവാൻ ശ്രമിക്കും. ഇത് അപകടകരമാണ്. ഈ പ്രവണത തീവ്രവാദത്തിലേക്കും ഭീകരപ്രവർത്തനങ്ങളിലേക്കും മതത്തെ നയിക്കുന്നു. സ്വത്വത്തിന്റെ മതം യുദ്ധത്തിന്റെ മതമാണ്. ഹൈന്ദവമതവും ഇസ്ലാംമതവും ബാബ്റി മസ്ജിദിനെ സ്വത്വത്തിന്റെ അടയാളമായി മാത്രം കണ്ടപ്പോൾ അവിടെ പ്രശ്നമായി, ശത്രുത വളർന്നു. മതത്തെ സ്വത്വത്തിന്റെ ഭാഗമായി മാത്രം കാണുന്നവർക്ക് പരസ്പരം സഹകരിക്കുവാൻ സാധിക്കുകയില്ല. ഇന്ന് മതങ്ങൾ രാഷ്ട്രീയവത്കരിക്കപ്പെട്ടിരിക്കുന്നു. മതത്തിൽ ഒരു രാഷ്ട്രീയത കൽപിക്കുന്നവരുണ്ട്. അത് രാഷ്ട്രീയമതത്തെ സൃഷ്ടിക്കുന്നു. രാഷ്ട്രീയ ക്രിസ്റ്റ്യാനിറ്റിയും രാഷ്ട്രീയ ഹിന്ദുയിസവും രാഷ്ട്രീയ ഇസ്ലാമികതയുമുണ്ട്. ഇവയിൽ ഏറ്റവും ശക്തം രാഷ്ട്രീയ ഇസ്ലാംമതമാണ്. അവർക്ക് അവരുടേതായ മതരാഷ്ട്ര സങ്കൽപങ്ങളുണ്ട് താലിബാൻ, അൽക്വയിദ,ഐഎസ്.ഐഎസ്, അൽഷാബ തുടങ്ങിയവ രാഷ്ട്രീയ ഇസ്ലാമികതയുടെ ഭാഗങ്ങളാണ്. ഇവർ മുസ്ലീംസിദ്ധാന്തങ്ങളെ സമഗ്രജീവിതപദ്ധതിയുടെ ഭാഗമായി കാണുന്നു. അവർക്ക് രാഷ്ട്രീയം മതത്തിന്റെ ഭാഗമാണ്. മറ്റു രാഷ്ടീയ സംഘടനകളെ അവർ അംഗീകരിക്കുന്നില്ല. ദൈവത്തിന്റെ ഭൂമിയിൽ ദൈവത്തിനാണ് പരമാധികാരം. മറ്റ് അധികാരം അവർ അംഗീകരിക്കുന്നില്ല. ദൈവം അവരെ സംബന്ധിച്ചിടത്തോളം പൊളിറ്റിക്കൽ ഗോഡ് ആണ്. ഭീകരസംഘടനകൾ വളരുവാനുള്ള കാരണങ്ങൾ മതപരവും രാഷ്ട്രീയവും, സാമ്പത്തികവുമാണ്. മതഗ്രന്ഥങ്ങൾ ദൈവത്തിന്റെ സാക്ഷാൽ വചനമാണെങ്കിലും, മനുഷ്യഭാഷയിൽ രചിച്ചതു കൊണ്ട് അത് അപൂർണമാണ്. ആധുനിക കാലഘട്ടത്തിന് അനുസരിച്ച് മതഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുകയും പഠിക്കുകയും വേണം. മതതീവ്രവാദത്തെ നേരിടുവാൻ വിവിധ മതാനുയായികൾ കൂട്ടായ്മയോടെ സൗഹൃദപരവും, ബുദ്ധിപരവുമായ ഒരു മുന്നേറ്റം നടത്തണം.

*(കെസിബിസി തിയളോജിക്കൽ സെമിനാർ, 4/8/2015)*

## വർഗ്ഗീയത മതഭീകരതയുടെ ആദ്യരൂപം

**അഡ്വ. സെബാസ്റ്റ്യൻ പോൾ**

ജനങ്ങളുടെ വിമോചനവും സ്വാതന്ത്ര്യവുമാണ് മതങ്ങളുടെ ലക്ഷ്യം. അതേസമയം ഗുരുതരമായ സ്വാതന്ത്ര്യനിഷേധത്തിനും അവകാശലംഘനത്തിനും മതങ്ങൾ കാരണമാകുന്നുണ്ട്. മതത്തിന് രാഷ്ട്രീയതാത്പര്യങ്ങളും രാഷ്ട്രത്തിന് മതതാത്പര്യങ്ങളും ഉണ്ടാകുന്നത് അപകടമാണ്. മതനിരപേക്ഷതയിൽ അധിഷ്ഠിതമാണ് ഇന്ത്യൻ റിപ്പബ്ളിക്. പക്ഷേ മതാധിഷ്ഠിതമാണ് ഇന്ത്യയുടെ മനസ്. രാഷ്ട്രീയ താത്പര്യങ്ങൾക്ക് മതത്തേയും മതപരമായ താത്പര്യങ്ങൾക്ക് രാഷ്ട്രത്തേയും ഉപയോഗിക്കുമ്പോൾ സ്പർദ്ധയും സംഘർഷവും അനിവാര്യമാകുന്നു. ലക്ഷ്യം ഒന്നുതന്നെയാണെന്നും ലക്ഷ്യം ഒന്നേയുള്ളുവെന്നും ഉള്ള തിരിച്ചറിവ് ഇല്ലാത്തവരാണ് മതത്തിന്റെ പേരിൽ ഏറ്റുമുട്ടുന്നത്. ദൈവത്തിന്റെ പേരിലാണ് മതഭീകരത ന്യായീകരിക്കപ്പെടുന്നതെങ്കിലും അത് ദൈവത്തിനു വേണ്ടിയുള്ളതല്ല. മതത്തിന്റെ മുദ്രയടിച്ച ഭീകരപ്രവർത്തനം ആദായകരമായ സാമ്പത്തികപ്രവർത്തനമായി മാറുന്നു. വിശ്വാസങ്ങൾ തമ്മിൽ അവിശ്വാസവും അസഹിഷ്ണുതയും വളർത്തുന്നതിൽ മതങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. മതങ്ങൾ തമ്മിലല്ല മനുഷ്യർ തമ്മിലാണ് സാഹോദര്യവും സൗഹാർദവും ഉണ്ടാകേണ്ടത്. ഇതാണ് എല്ലാ മതങ്ങളുടെയും ബോധനം. എന്നാൽ പ്രയോഗതലത്തിൽ സൃഷ്ടിക്കപ്പെടുന്നത് സ്പർദ്ധയാണ്. സ്വന്തം മതം ശ്രേഷ്ഠമെന്ന ചിന്തയിൽനിന്ന് വർഗീയതയുടെ പുറ്റുകൾ വളരുന്നു. വർഗീയത മതഭീകരതയുടെ ആദ്യരൂപമാണ്. മതമൗലികതയിൽനിന്ന് മതഭീകരതയിലേക്കുള്ള ദൂരം കുറവാണ്. നീതിനിഷേധവും ഭീകരതയ്ക്ക് കളമൊരുക്കും. വിദ്യാഭ്യാസവും അനുബന്ധമായ ബോധവത്കരണവുമാണ് ഭീകരതയെ പ്രതിരോധിക്കുന്നതിനുള്ള ഉപകരണങ്ങൾ. മതം നല്കുന്ന മാനവസ്നേഹം വളർത്തിയെടുക്കുന്നതാണ് പ്രതിവിധി. പല മതങ്ങളിൽപെട്ടവരുടെ കൂട്ടായ പരിശ്രമമാണ് അസാധ്യമായതിനെ സാധ്യമാക്കിയത്.

*(കെസിബിസി തിയളോജിക്കൽ സെമിനാർ, 4/8/2015)*

# മതമൗലികവാദ ധ്രുവീകരണവും അനന്തരഫലങ്ങളും

(മതമൗലികവാദ ധ്രുവീകരണത്തെയും കേരളസമൂഹത്തിൽ അതുണ്ടാക്കുന്ന അനന്തരഫലങ്ങളെയും കുറിച്ച് റവ. ഡോ. വിൻസെന്റ് കുണ്ടുകുളവും ഡോ. സിറിയക് തോമസും കെ.സി.ബി.സി.യിൽ അവതരിപ്പിച്ച പ്രബന്ധങ്ങളിൽ നിന്ന്)

ബഹുമതസാഹചര്യത്തിൽ മതമൗലികവാദം മതത്തിനുള്ളിലുള്ളതല്ലെന്നും അത് മതസമൂഹങ്ങൾ അഥവ സമുദായങ്ങൾ തമ്മിലുള്ളതാണെന്നും തന്മൂലം അത് മിക്കപ്പോഴും സാമുദായികധ്രുവീകരണത്തിലേക്കും വർഗ്ഗീയതയിലേക്കും നയിക്കുമെന്നും അതാകട്ടെ വ്യക്തിക്ക് സ്വന്തം സമുദായത്തോടുള്ള ഉറ്റ ബന്ധത്തിന്റെ പേരിൽ സമുദായങ്ങളെ തമ്മിൽ വേർതിരിക്കുമെന്നും ഡോ. വിൻസെന്റ് കുണ്ടുകുളം ചൂണ്ടിക്കാണിച്ചു. അബദ്ധ ധാരണകളുടെയും അർദ്ധസത്യങ്ങളുടെയും അടിസ്ഥാനത്തിൽ നടക്കുന്ന ആശയങ്ങളുടെ അടിച്ചേല്പിക്കൽ സാമുദായിക സംഘർഷങ്ങളിലേക്കു നയിക്കുന്നു. അതുപോലെ ഒരു സമുദായത്തിന്റെ ശീഘ്രഗതിയിലുള്ള സാമ്പത്തിക വളർച്ചയും സാമൂഹിക ഉന്നതിയും മറ്റു സമുദായങ്ങളിൽ അരക്ഷിതത്വത്തിന്റെയും അധ:സ്ഥിതിയുടെയും താഴ്ത്തപ്പെടലിന്റെയും ബോധം സൃഷ്ടിക്കും. അതാകട്ടെ ആ സമുദായങ്ങളിലെ ബുദ്ധിപ്രകാശമുള്ളവരിൽനിന്ന് തീവ്ര പ്രതികരണങ്ങളെ ഉണർത്തും. കൂടാതെ ഒരു ഗ്രൂപ്പിന്റെയോ കുറച്ചു ഗ്രൂപ്പുകളുടെയോ (ഉദാ: ന്യൂനപക്ഷങ്ങൾ) അവകാശത്തിനു നല്കുന്ന അമിതമായ പ്രാധാന്യം മറ്റുള്ളവർക്ക് (ഭൂരിപക്ഷ സമൂഹങ്ങൾക്ക്) നേരെ ഭീഷണി ഉയർത്തും. ഇത് രാഷ്ട്രീയവും സംസ്കാരികവുമായ പ്രത്യാഘാതങ്ങളിലേക്കു നയിക്കും. സമുദായങ്ങളെ അത് സമുദായങ്ങൾക്കെതിരെ പ്രതിഷ്ഠിക്കും. അതുപോലെ ഒരുവന്റെ സംസ്കാരത്തിനെതിരെയുള്ള ഏത് ആക്രമണവും, സാമുദായികാടിസ്ഥാനത്തിൽ പ്രതിരോധിക്കപ്പെടും.

കേരള ജനസംഖ്യയിൽ 54% ഹിന്ദുക്കളും 26.6% മുസ്ലീംങ്ങളും 19.25% ക്രൈസ്തവരുമാണുള്ളത്. ഹൈന്ദവ സമൂഹത്തിൽ വിവിധ സാമുദായിക വിഭാഗങ്ങളുമുണ്ട്. ഹൈന്ദവസമൂഹത്തിൽ ഈഴവ സമുദായമാണ് ഏറ്റവും വലുത് (20%) നായർ സമുദായം (13.4%) രണ്ടാം സ്ഥാനത്തുനില്ക്കുന്നു. ക്രൈസ്തവ സമൂഹങ്ങളിൽ 12% സുറിയാനി സമുദായത്തിലും 3.5% ലത്തീൻ സമുദായക്കാരും 1% ഗോത്രവർഗ്ഗക്കാരും 1.05% നാടാർ സമൂഹവും 1.45% മറ്റു സമൂഹങ്ങളുമുണ്ട്. മുസ്ലീംസമുദായത്തിന്റെ ഐക്യം കേരളത്തിലെ ഏററവു വലിയ സമുദായമായി നിലകൊള്ളാൻ (26.6%) അതിനെ സഹായിക്കുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം ഹൈന്ദവരുടെയും ക്രിസ്ത്യാനികളുടെയും ജനനനിരക്ക് കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ മുസ്ലീങ്ങളുടേത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മതതീവ്രവാദം ഏറിയും കുറഞ്ഞും എല്ലാ സമൂദായങ്ങളിലും കാണുന്നുണ്ടെങ്കിലും ഇസ്ലാമിക മതതീവ്രവാദമാണ് താരതമ്യേന കൂടുതൽ അപകടകരം – ആഗോള വ്യാപകമായും, ദേശീയമായും പ്രാദേശികമായും അപ്രകാരമാണ്. അതുകൊണ്ട് മുസ്ലീംങ്ങളോടൊത്തു ജീവിക്കുകയും അവരൊത്തു പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഇസ്ലാംമതത്തിലെ സാർവത്രികവും ബഹുസ്വരവുമായ ആശയങ്ങൾക്ക് നാം ഊന്നൽ നല്കണം.

കേരളത്തിലെ സമൂഹിക ചുറ്റുപാടിന് ഉയർന്ന തോതിലുള്ള മതനിരപേക്ഷമായ ഉള്ളടക്കമുണ്ടെന്നും (secular content) കഴിഞ്ഞകാലങ്ങളിലെ അനേകം ക്രൈസ്തവ നേതാക്കന്മാർ സമൂഹത്തിൽ ഭാവാത്മകമായ മതനിരപേക്ഷതയുടെ മുഖംവിജയപ്രദമായികാണിച്ചിട്ടു കാണിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഇന്ന് ഓരോ സമൂഹവും വർദ്ധമാനമായ തോതിൽ സ്വത്വബോധത്തിലും ധ്രുവീകരണത്തിലും ശ്രദ്ധിക്കുന്നുവെന്നതു സത്യമാണ്. പ്രതിരോധപരമായ നടപടികൾ നാം സ്വീകരിച്ചില്ലെങ്കിൽ ക്രൈസ്തവസമൂഹത്തിന് അപകടമുണ്ടാകും. ന്യൂനപക്ഷാവകാശങ്ങൾക്ക് നമ്മൾ നല്കുന്ന ഊന്നൽ മതസ്വാതന്ത്ര്യത്തിനും സമാധാനപൂർണ്ണമായ സഹാസ്തിത്വത്തിനും എതിരായിരിക്കരുത്. തന്ത്രപരമായ സാമൂഹികാപഗ്രഥന വേദികൾ രൂപീകരിക്കപ്പെടുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. പ്രശ്നങ്ങളെ വിവിധതലങ്ങളിൽ വിലയിരുത്താനും അവയോടു പ്രത്യുത്തരിക്കാനുമാണത്. മറ്റുസമുദായങ്ങളുമായിട്ടുള്ള നമ്മുടെ ബന്ധത്തിൽ അവരെ കൂടുതൽ ഉൾപ്പെടുത്തുന്ന നയമാണുണ്ടായിരിക്കേണ്ടതെന്നും സമൂഹത്തിലെ ധൂർത്തിനും അഴിമതിക്കുമെതിരേ മൂല്യാധിഷ്ഠിത നിലപാടു സ്വീകരിക്കണമെന്നും ഈ പഠനം ചൂണ്ടിക്കാണിച്ചു.

*(കെ.സി.ബി.സി. സെമിനാർ, 10/6/2015)*

# മതതീവ്രവാദത്തിനെതിരെ ജാഗ്രതവേണം

അന്താരാഷ്ട്ര ഭീകരസംഘടനയായ ഇസ്ലാമിക സ്റ്റേറ്റി (ഐ.എസ്)ൽ മൂന്നു മലയാളികൾ അംഗങ്ങളായി എന്ന വാർത്ത നടുക്കമുണ്ടാക്കുന്നതാണ്. സിറിയയിലാണ് അവർ പ്രവർത്തിക്കുന്നതെന്ന് രഹസ്യാന്വേഷണ ഏജൻസികൾ പറയുന്നു. കുറച്ചു നാൾ പത്രപ്രവർത്തനരംഗത്തുണ്ടായിരുന്ന ഒരു യുവാവും ഇക്കൂട്ടത്തിലുണ്ട്. തീവ്രവാദസ്വഭാവമുള്ള മതസംഘടനകളുമായുള്ള ബന്ധത്തിലൂടെ അത്തരമൊരു സംഘടനയ്ക്ക് നിയന്ത്രണമുള്ള പത്രത്തിൽ പ്രവർത്തിച്ചശേഷം ഗൾഫിലേയ്ക്കുപോയ അയാൾ ഐ.എസിന്റെ ഭാഗമായെന്നാണ് ലഭ്യമായിരിക്കുന്ന വിവരം. ഐ.എസ്സിൽ ചേരാൻ ആഹ്വാനം ചെയ്യുന്ന സാമൂഹിക മാധ്യമങ്ങൾ സന്ദർശിക്കുന്നവരിൽ കേരളത്തിൽ നിന്നും ധാരാളംപേരുണ്ടന്ന് കേന്ദ്ര ആഭ്യന്തരവകുപ്പും മുന്നറിയിപ്പു നൽകുന്നുണ്ട്. ഇന്ത്യയിൽ ഒരു വർഷം നീളുന്ന റിക്രൂട്ടുമെന്റ് നടത്താൻ നിശ്ചയിച്ചിട്ടുണ്ടെന്ന് കഴിഞ്ഞ ഡിസംബറിൽ ഐ.എസ് പ്രഖ്യാപിച്ചിരുന്നതിന്റെ പശ്ചാത്തലത്തിൽക്കൂടി വേണം ഈ പുതിയ സംഭവവികാസങ്ങളെ കാണേണ്ടത്. ഇന്ത്യയിൽ സായുധസേനാവിഭാഗം രൂപവൽകരിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള അൽഖ്വൊയ്ദ മേധാവി സവാഹിരിയുടെ വീഡിയോ സന്ദേശവും കേരളത്തിൽ പ്രചരിക്കുന്നുണ്ടെന്ന വിവരവും ഇതോടെ കൂട്ടിച്ചേർത്തുകാണണം.

*(മുഖപ്രസംഗം, മാതൃഭൂമി 6/8/2015)*

# മാർ ആനിക്കുഴിക്കാട്ടിലിന്റെ വാക്കുകൾ ആരെയും വേദനിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നില്ല

വ്യത്യസ്ത വിശ്വാസ-സാംസ്കാരിക പശ്ചാത്തലമുള്ളവർ പ്രേമബന്ധത്തിലൂടെയും മറ്റും വിവാഹിതരാകുന്നത് കുടുംബജീവിതത്തിൽ പൊരുത്തക്കേടുകളുണ്ടാക്കാനുള്ള സാധ്യത ചൂണ്ടിക്കാണിക്കുകയാണ് ഇടുക്കി രൂപത ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ചെയ്തത്. അതിവേഗം പാശ്ചാത്യവത്കരിക്കപ്പെടുന്ന ഇന്നത്തെ സാമൂഹ്യയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി, പുതുതലമുറയുടെ വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന മുന്നറിയിപ്പാണ് അദ്ദേഹം നല്കിയത്. പാസ്റ്ററൽ കൗൺസിൽ പോലുള്ള അജപാലനസമിതികളുടെ ആലോചനാവേദികളിൽ കുടുംബത്തെക്കുറിച്ചുള്ള വിശകലനങ്ങൾ പങ്കുവയ്ക്കപ്പെടുക സ്വാഭാവികമാണ്.

സമൂഹത്തിൽ വളർന്നുവരുന്ന നവലിബറൽ കാഴ്ചപ്പാടുകൾ കേരളം പോലെ, പരമ്പരാഗതമൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന സമൂഹങ്ങളിൽ ഉണ്ടാക്കാവുന്ന സംഘർഷവും ഉത്കണ്ഠയുമാണ് മാർ ആനിക്കുഴിക്കാട്ടിലിന്റെ പ്രസ്താവനയിലുള്ളത്. കുടുംബബന്ധങ്ങളിലുണ്ടാകുന്ന തകർച്ച കണ്ടില്ലെന്നു നടിക്കാൻ സമുദായ-ആത്മീയ നേതൃതലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് സാധ്യമല്ല. യുവജനങ്ങളുടെ ധാർമ്മിക പരിശീലനത്തിന് സഭ ഊന്നൽ നല്കണമെന്ന ആശയമാണ് അദ്ദേഹം പങ്കുവച്ചത്. അദ്ദേഹത്തിന്റെ വാക്കുകൾ ഏതെങ്കിലും സമുദായത്തിന്റെ ആത്മാഭിമാനത്തെ മുറിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നില്ല. അങ്ങനെ ആർക്കെങ്കിലും തോന്നിയെങ്കിൽ അതിൽ ഖേദം പ്രകടിപ്പിക്കുന്നു.

*(കെ.സി.ബി.സി. 14/06/2015)*

# തെരഞ്ഞെടുപ്പു ഫണ്ടുകൾ സുതാര്യമാക്കുന്നതിൽ രാഷ്ട്രീയ പാർട്ടികൾ നിലപാടു വ്യക്തമാക്കണം

രാജ്യത്തെ പൊതുഭരണ സംവിധാനം അഴിമതി വിമുക്തമാകാൻ രാഷ്ട്രീയപാർട്ടികളുടെ തെരഞ്ഞെടുപ്പു ഫണ്ടുകൾ സുതാര്യമാക്കണമെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പൊതു പാസ്റ്ററൽ കൗൺസിലായ കേരള കാത്തലിക് കൗൺസിൽ (കെ.സി.സി) നിർവാഹക സമിതി യോഗം വിലയിരുത്തി. തെരഞ്ഞെടുപ്പു ഫണ്ടുകൾ സുതാര്യമാക്കുന്നതും പരസ്യപ്പെടുത്തുന്നതും സംബന്ധിച്ചു രാഷ്ട്രീയപാർട്ടികൾ നിലപാടു വ്യക്തമാക്കണം. ഇക്കാര്യത്തിൽ ആവശ്യമായ നിയമനടപടികൾക്കു തെരഞ്ഞെടുപ്പു കമ്മീഷനും നീതിന്യായ സംവിധാനങ്ങളും തയാറാകേണ്ടതുണ്ട്.

കേരളത്തിൽ മത, സാമുദായിക സൗഹാർദം നിലനിർത്താനും വളർത്താനും കൂട്ടായ പരിശ്രമങ്ങൾ ആവശ്യമാണ്. മതസൗഹാർദത്തെ തകർക്കുന്ന എല്ലാ നടപടികൾക്കുമെതിരെ പൊതുസമൂഹം ജാഗ്രത പാലിക്കണം. വിഷവിമുക്തമായ ഭക്ഷ്യ ഉല്പന്നങ്ങൾ എല്ലാവർക്കും ലഭ്യമാക്കാൻ സർക്കാരിന്റെ നടപടികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. കാർഷിക, മത്സ്യബന്ധന മേഖലകളിലെ പ്രതിസന്ധികൾ തരണം ചെയ്യാനാവുന്ന അടിയന്തിര നടപടികൾ സർക്കാരുകൾ സ്വീകരിക്കണമെന്നും കെ.സി.സി യോഗം ആവശ്യപ്പെട്ടു.

കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറി റവ. ഫാ. വർഗീസ് വള്ളിക്കാട്ട് യോഗം ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി സമ്മേളനത്തിന്റെ നിർദേശങ്ങളും അഭിപ്രായങ്ങളും അദ്ദേഹം അവതരിപ്പിച്ചു. കെ.സി.സി സെക്രട്ടറി വി.സി. ജോർജ്കുട്ടി, ജോയിന്റ് സെക്രട്ടറി ഡോ. ചാക്കോ കേളംപറമ്പിൽ, കെസിബിസി അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. ആന്റണി അമ്പാട്ട്, വിവിധ രൂപതകളുടെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരായ സജി ജോൺ മാവേലിക്കര, സിജോ പൈനാടത്ത് എറണാകുളം, പി.കെ. ജോസഫ് പത്തനംതിട്ട, കെ.സി.വൈ.എം. ഡയറക്ടർ ഫാ. മാത്യു ജേക്കബ് തിരുവാലിൽ, ഫാ. ജിയോ കടവി, ഫാ. വർഗീസ് കോട്ടക്കാട്ട്, റവ. ഡോ. മാത്യു ആന്റോ കണ്ണംകുളം, മാർഗരറ്റ് നെൽസൺ, ഡോ.എം.എ. ജോസഫ്, എ.ജെയ്നമ്മ, ശോശാമ്മ തോമസ്, അഡ്വ.ജെയിംസ് ആലുവ എന്നിവർ പ്രസംഗിച്ചു.

*(കെ.സി.സി.20/06/2015)*

# രാഷ്ട്രീയ നേതാക്കൾ സാമൂഹ്യസൗഹൃദം തകർക്കുന്നു

രാഷ്ട്രീയ പാർട്ടികൾ സാമുദായിക-വർഗീയ കാർഡുകളിറക്കി രാഷ്ട്രീയം കളിക്കുന്നത് കേരള സമൂഹത്തെ ആപത്ക്കരമായ ചേരിതിരിവുകളിലേക്കു നയിക്കും. ഭൂരിപക്ഷ-ന്യൂനപക്ഷ ചേരികളിലേക്ക് സമൂഹത്തെ തള്ളിവിടുന്നത് കേരള സമൂഹത്തിൽ നിലനില്ക്കുന്ന സാമുദായിക സൗഹൃദവും മതേതരത്വവും തകർക്കും. രാഷ്ട്രീയ ലാഭമുണ്ടാക്കാൻവേണ്ടി സമൂഹത്തിൽ വിഘടനവാദവും സാമുദായിക സ്പർദ്ധയും വളർത്താനുള്ള ചില രാഷ്ട്രീയപാർട്ടികളുടെ ശ്രമം ജനങ്ങൾ തിരിച്ചറിയണം.

പ്രസക്തി നഷ്ടപ്പെടുന്ന പ്രത്യയശാസ്ത്രങ്ങൾ പിടിച്ചുനില്ക്കാനുള്ള ശ്രമത്തിൽ ജനങ്ങൾക്കിടയിൽ ഭിന്നത സൃഷ്ടിച്ച് ലാഭമുണ്ടാക്കാൻ ശ്രമിക്കുന്നത് രാഷ്ട്രീയ പാപ്പരത്തമാണ്. ഇത് സമൂഹം തിരിച്ചറിയണം. രാഷ്ട്രീയനേതാക്കൾ സാമുദായിക സൗഹാർദ്ദവും സാമൂഹ്യ സന്തുലിതാവസ്ഥയും തകർക്കുന്ന പ്രസ്താവനകളിറക്കാതിരിക്കാനുള്ള സാംസ്ക്കാരിക പ്രബുദ്ധതയും സാമൂഹ്യപ്രതിബദ്ധതയും പ്രകടിപ്പിക്കണം.

*(കെ.സി.ബി.സി. 20/07/2015)*

# ഗർഭച്ഛിദ്രം: പുതിയ ബിൽ അടിസ്ഥാന മനുഷ്യാവകാശങ്ങളെ ലംഘിക്കുന്നു

ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ബിൽ -1971 പരിഷ്കരിക്കുന്നതിന് അടുത്തു നടക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ പുതിയ ബിൽ കൊണ്ടുവരാൻ ശ്രമം നടക്കുന്നതായി വാർത്ത കണ്ടു. പ്രസ്തുത ബില്ലനെക്കുറിച്ച് അഭിപ്രായമാരാഞ്ഞുകൊണ്ട് ഏതാനും മാസങ്ങൾക്കുമുമ്പ് കേന്ദ്രആരോഗ്യമന്ത്രാലയം വെബ്സൈറ്റിലൂടെ അറിയിപ്പു പുറപ്പെടുവിച്ചിരുന്നു. നിർദ്ദിഷ്ട ബില്ലിലെ വ്യവസ്ഥകൾ മനുഷ്യാവകാശ സംഘടനകളിൽ നിന്ന് വലിയതോതിൽ പ്രതിഷേധം ക്ഷണിച്ചുവരുത്തിയിരുന്നു. അജാതശിശുവിനെ യഥേഷ്ടം കൈകാര്യം ചെയ്യാൻ ഇടയാക്കുന്ന ഒരു ബില്ലാണിത്. ഗർഭത്തിന്റെ ഏതവസരത്തിലും ആരോഗ്യകാരണം പറഞ്ഞ് ശിശുവിനെ നശിപ്പിക്കാൻ അവസരമൊരുക്കുന്നത് നിഷ്ഠുരമാണ്. പ്രത്യേക സാഹചര്യത്തിൽ 20 ആഴ്ച വരെ ഗർഭച്ഛിദ്രം നടത്താമെന്ന 1971-ലെ ബിൽ 24 ആഴ്ച വരെ നീട്ടാനും ശ്രമിക്കുന്നു. ആ പ്രായത്തിൽ കുഞ്ഞിന് പ്രത്യേക സൗകര്യം കൊടുത്താൽ പുറത്തുപോലും ജീവിക്കാൻ കഴിയുമെന്ന് നാം ഓർക്കണം. കുട്ടിയുടെയോ അമ്മയുടെയോ അനാരോഗ്യം പരിഗണിച്ച് ഗർഭാവസ്ഥയുടെ ഏതവസരത്തിലും ഗർഭച്ഛിദ്രമാകാമെന്ന വ്യവസ്ഥയും പുതിയ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ഭീകരമായ മനുഷ്യാവകാശ ലംഘനമാണ്.

അണ്ഡബീജ സങ്കലനനിമിഷം മുതൽ ഒരു മനുഷ്യജീവിയുടെ വളർച്ച ആരംഭിക്കുന്നുവെന്ന് ഇന്ന് ശാസ്ത്രം വ്യക്തമായി പറയുന്നു. അതിനാൽ ഭ്രൂണഹത്യയും ഗർഭച്ഛിദ്രവും നരഹത്യ തന്നെയാണ്. ഗർഭച്ഛിദ്രം വഴി സംഭവിക്കുന്നത് ബലഹീനരുടെ മേലുള്ള ശക്തരുടെ കടന്നാക്രമണമാണ്. ജനാധിപത്യ ഗവൺമെന്റുകൾ എല്ലാ മനുഷ്യരുടെയും അവകാശങ്ങൾ സംരക്ഷിക്കാൻ കടപ്പെട്ടിട്ടുണ്ട് എന്ന കാര്യം മറക്കരുത്. ജനിച്ചവർക്കു മാത്രമേ അവകാശമുള്ളൂ എന്നു പറയുന്നത് യുക്തിരഹിതമാണ്.

ആയുർവേദ, ആയുഷ്, ഹോമിയോപ്പതി ഡോക്ടർമാർക്കും നഴ്സുമാർക്കും ഗർഭച്ഛിദ്രത്തിന് അനുമതി നല്കുന്ന ബിൽ വർദ്ധിച്ച ദുരുപയോഗത്തിനും കെടുകാര്യസ്ഥതയ്ക്കും ഇടയാകുമെന്നതിലും യാതൊരു സംശയവുമില്ല. ഗവൺമെന്റ് ക്രൂരവും മനുഷ്യത്വരഹിതവുമായ ഈ നടപടിയിൽനിന്ന് പിൻതിരിയണമെന്ന് കെ.സി.ബി.സി. ആവശ്യപ്പെട്ടു. (കെ.സി.ബി.സി. **13/07/2015**)

# ഹൈക്കോടതി വിധി ആശങ്കാജനകം

ക്രിസ്തുമതത്തിൽ നിന്ന് ഹിന്ദുമതം സ്വീകരിക്കുന്നവർക്ക് അവരുടെ പൂർവികരുടെ കാലത്തെ ജാത്യാചാരങ്ങളും ആ ജാതിയിൽപ്പെട്ടവർക്ക് ലഭിക്കാനർഹതയുള്ള എല്ലാ ആനുകൂല്യങ്ങളും തിരികെ നല്കണമെന്ന കേരള ഹൈക്കോടതിയുടെ വിധി നിലവിലുള്ള നിയമസംവിധാനങ്ങൾക്കും മതത്തിന്റെ പേരിൽ വിവേചനം പാടില്ല എന്ന ഭരണഘടനാതത്ത്വത്തിനു എതിരായുള്ളതും ന്യൂനപക്ഷ വിഭാഗങ്ങളിൽ ആശങ്ക വളർത്തുന്നതുമാണ്. പരാതിക്കാരിയും പിതാവും ക്രിസ്തീയ സമുദായത്തിൽ ജനിച്ചുവളർന്നവരും ക്രിസ്തീയ വിശ്വാസങ്ങളും ആചാരങ്ങളുമനുസരിച്ച് 2009 വരെ ജീവിച്ചവരുമാണ്. പരാതിക്കാരുടെ മുത്തച്ഛനും കുടുംബവും ക്രിസ്തുമതം സ്വീകരിച്ചവരാണ്. ക്രിസ്തുമതം സ്വീകരിച്ചു എന്ന കാരണത്താൽ രണ്ടുതലമുറയ്ക്ക് നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ മതംമാറി ഹിന്ദുമതം സ്വീകരിച്ചതിന്റെ പേരിൽ അനുവദിക്കുന്നത് ക്രിസ്തുമതവിശ്വാസികളോടു കാട്ടുന്ന അനീതിയും ഹിന്ദുമതവിശ്വാസിക്കൾക്കു നല്കുന്ന പ്രത്യേക പരിഗണനയുമാണ്. ക്രിസ്തുമതത്തിൽ ജനിച്ച വ്യക്തികൾക്ക് ജാതിയില്ല എന്ന നിലപാടു സ്വീകരിക്കുന്ന അതേ കോടതിക്ക് എങ്ങനെയാണ് ക്രിസ്തുമതത്തിൽ ജനിച്ചുവളർന്ന വ്യക്തിക്ക് ഹിന്ദുമതം സ്വീകരിച്ചതിന്റെ പേരിൽ ജാതിയുടെ പേരിലുള്ള ആനുകൂല്യം നല്കാൻ കഴിയുന്നതെന്ന് വ്യക്തമല്ല. ക്രിസ്ത്യാനിയായിരിക്കുമ്പോൾ ഇല്ലാത്ത ജാതി ഹിന്ദുമതം സ്വീകരിക്കുമ്പോൾ കല്പിച്ചു നല്കുന്ന കോടതിയുടെ നിലപാട് ഘർവാപസിക്കാരെ പ്രോത്സാഹിപ്പിക്കാനുള്ള നിയമത്തിന്റെ ദുരുപയോഗവും ന്യൂനപക്ഷസമുദായങ്ങളോടു കാട്ടുന്ന കടുത്ത അനീതിയുമായി കരുതേണ്ടി വരുന്നു. ഇത് സമൂഹത്തിൽ ജാതി-മതസ്പർദ്ധ വളർത്തുകയും സമാധാനജീവിതത്തിന് ഭീഷണിയാവുകയും ചെയ്യുമെന്ന് ഭയപ്പെടുന്നതായി കെ.സി.ബി.സി. വക്താവ് ഫാ. വർഗീസ് വള്ളിക്കാട്ട്, സോഷ്യൽ ഹാർമണി ആന്റ് വിജിലൻസ് കമ്മീഷൻ വിളിച്ചുചേർത്ത പ്രതിവാര അവലോകന സമ്മേളനത്തിൽ അഭിപ്രായപ്പെട്ടു. കെസിബിസിയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാരും നിയമവിദഗ്ധരും ചർച്ചയിൽ പങ്കെടുത്തു.

*(കെ.സി.ബി.സി. 29/7/2015)*

# വ്യക്തികളുടെ സ്വകാര്യത മാനിക്കപ്പെടണം

വ്യക്തികളുടെ സ്വകാര്യത മൗലികാവകാശമല്ലെന്ന കേന്ദ്രസർക്കാരിന്റെ നിലപാട് ഗൗരവതരമായ പഠനത്തിനും വിലയിരുത്തലിനും വിധേയമാകണം. വ്യക്തികളുടെ സ്വകാര്യതയിലേക്ക് സർക്കാരിനും മാധ്യമങ്ങൾക്കും മറ്റുവ്യക്തികൾക്കും പൊതുജനത്തിനും കടന്നുകയറാമെന്നു വന്നാൽ ഉണ്ടാകാവുന്ന ഗുരുതരമായ സാമൂഹികപ്രശ്നങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്. വ്യക്തിസ്വാതന്ത്ര്യം സമൂഹം കവർന്നെടുക്കുന്ന നില വന്നാൽ, അത് വ്യക്തികൾക്കുള്ള സ്വയം നിർണയാവകാശ(autonomy) ത്തെ ഇല്ലാതാക്കും. ഇത് സാവധാനം സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും സ്വേച്ഛാധിപത്യ പ്രവണതയ്ക്ക് വളം വച്ചുകൊടുക്കുകയും ചെയ്യും. ഓരോ വ്യക്തിയുടെയും വ്യക്തിത്വത്തിന്റെ പവിത്രത സമൂഹവും രാഷ്ട്രവും മാനിക്കുകയും വ്യക്തികൾ സമൂഹത്തിന്റെ പൊതുവും നിയമാനുസൃതവുമായ മാനദണ്ഡങ്ങളെ മാനിക്കുകയും ചെയ്യുന്നതാണ് ശരിയായ ജനാധിപത്യ സംസ്കാരം. ആധാർ ആവശ്യപ്പെടുന്ന വ്യക്തിവിവരങ്ങൾ സമൂഹത്തിന്റെ ക്രമത്തിനും നിയമവ്യവസ്ഥയ്ക്കും യോജിച്ചതും വ്യക്തികളുടെ ന്യായമായ സ്വകാര്യതയെ മാനിക്കുന്നതുമാകണം. പരിധിയില്ലാത്ത സ്വാതന്ത്ര്യം വ്യക്തിക്കു മാത്രമല്ല സമൂഹത്തിനും ആശാസ്യമല്ല. ഒന്ന് സ്വേച്ഛാധിപത്യത്തിലേക്കും മറ്റേത് അരാജകത്വത്തിലേക്കും നയിക്കും.

*(കെ.സി.ബി.സി. 23/07/2015)*

# വിഴിഞ്ഞം തുറമുഖപദ്ധതി: മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കണം

നിർദിഷ്ട വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുമ്പോൾ തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ഭയാശങ്കകൾ പരിഹരിച്ച് മുന്നോട്ടു പോകാൻ സർക്കാർ തയ്യാറാകണമെന്ന് കേരള കത്തോലിക്കാ മെത്രാൻസമിതി ആവശ്യപ്പെട്ടു. കത്തോലിക്കാസഭ ഒരിക്കലും വികസനത്തിനെതിരല്ല. രാജ്യത്തുണ്ടാകുന്ന ഏത് വികസന പദ്ധതികളോടും സഭ സഹകരിച്ചിട്ടുണ്ട്. എന്നാൽ, വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതിന് ഇരകളാകേണ്ടി വരുന്ന ജനങ്ങളുടെ പുനരധിവാസം ഉറപ്പാക്കാൻ സർക്കാരിന് കഴിയണം. വിഴിഞ്ഞം വാണിജ്യതുറമുഖം പ്രാവർത്തികമാകുമ്പോൾ തീരവും വീടും ഉപജീവനമാർഗവും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് പ്രത്യേക പദ്ധതിയും പാക്കേജും ഉണ്ടാകണം. ഇന്നത്തെ നിലയിൽ പദ്ധതി നടപ്പിലാക്കിയാൽ കടുത്ത പരിസ്ഥിതി പ്രത്യാഘാതങ്ങൾക്ക് അത് കാരണമാവുകയും തിരുവനന്തപുരം ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൂടാതെ, പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് തീരവും കിടപ്പാടവും ക്രമാനുഗതമായി നഷ്ടപ്പെടുകയും ചെയ്യും. പാർശ്വവത്ക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഈ ആശങ്കകൾ പരിഹരിച്ചതിന് ശേഷമേ വിഴിഞ്ഞം തുറമുഖപദ്ധതി നടപ്പിലാക്കാവൂ. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ലത്തീൻ അതിരൂപത സ്വീകരിച്ചുപോരുന്ന നിലപാടുകൾക്ക് കേരള കത്തോലിക്കാമെത്രാൻ സമിതി പരിപൂർണ പിന്തുണ പ്രഖ്യാപിക്കുന്നു.

*(കെ.സി.ബി.സി.12/08/2015)*

## യാത്രാമംഗളങ്ങൾ



കെ.സി.ബി.സി.യുടെ ഐക്യജാഗ്രതാകമ്മീഷന്റെ സെക്രട്ടറിയായി 2011 ആഗസ്റ്റ് മുതൽ 2015 ജൂലൈ വരെ സ്തുത്യർഹമായ സേവനം ചെയ്ത് ഉപരിപഠനാർത്ഥം വിദേശത്തേക്ക് യാത്രയാകുന്ന ഫാ. ജോസി പൊന്നമ്പൽ MSFS അച്ചന് പി.ഒ.സി. യിൽ ഉചിതമായ യാത്രയപ്പ് നല്കി.

ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അധ്യക്ഷതവഹിച്ച യോഗത്തിൽ പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. ജോസി പൊന്നമ്പൽ MSFS, ഫാ. സാജു കുത്തോടിപുത്തൻപുരയിൽ CST, ഫാ. ജോർജ്ജ് മഠത്തിപ്പറമ്പിൽ വിവിധ കമ്മീഷൻ സെക്രട്ടറിമാർ, സോണൽ ഡയറക്റ്റർമാർ– കോഓർഡിനേറ്റർമാർ തുടങ്ങിയവർ സംബന്ധിച്ചു. കാലത്തിന്റെ നേരെയും മാധ്യമങ്ങൾക്കുനേരെയും തിരിച്ചു വച്ച കണ്ണാടിയായിട്ടാണ് ഈ കമ്മീഷൻ പ്രവർത്തിച്ചുവരുന്നതെന്നും ഈ പ്രവർത്തനങ്ങൾക്ക് ഗതിവേഗം പകരാൻ ഫാ.ജോസി പൊന്നമ്പൽ MSFSന്കഴിഞ്ഞുവെന്നത് ചാരിതാർത്ഥ്യ ജനകമാണെന്നും പിതാവ് സൂചിപ്പിക്കുകയുണ്ടായി. പുതിയതായി സെക്രട്ടറിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത ഫാ. സാജു കുത്തോടിപുത്തൻപുരയിൽ CST ക്ക് പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ടും കെ.സി.ബി.സി. ഐക്യജാഗ്രതാ കമ്മീഷൻ ജോയിന്റ് സെക്രട്ടറി, ഫാ. ജോർജ്ജ് മഠത്തിപ്പറമ്പിലും ആശംസകളർപ്പിച്ചു. റവ. ഫാ. ജോസ് കോട്ടയിൽ നന്ദി പറഞ്ഞു.




ഫാ. സാജു കുത്തോടിപുത്തൻപുരയിൽ CST ക്ക് പി.ഒ.സി. ഡയറക്ടർ റവ.വർഗീസ് വള്ളിക്കാട്ടും പി.ഒ.സി. കുടുംബാംഗങ്ങളും സ്വാഗതം ചെയ്യുന്നു.



യാത്രയയപ്പ് സമ്മേളനവും മെമന്റോ സമർപ്പണവും: ജോഷ്വാ മാർ ഇഗ്നാത്തിയോസ് (ചെയർമാൻ, കെ.സി.ബി.സി. ഐക്യ ജാഗ്രതാ കമ്മീഷൻ), പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് (കെ.സി.ബി.സി, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഡയറക്ടർ, പി.ഒ.സി) . ഫാ. ജോസി പൊന്നമ്പൽ MSFS (മുൻ സെക്രട്ടറി, കെ.സി.ബി.സി ഐക്യ ജാഗ്രതാ കമ്മീഷൻ), ഫാ. സാജു കുത്തോടിപുത്തൻപുരയിൽCST(സെക്രട്ടറി, കെ.സി.ബി.സി ഐക്യ ജാഗ്രതാ കമ്മീഷൻ) ഫാ. ജോർജ്ജ് മഠത്തിപ്പറമ്പിൽ (ജോയിന്റ് സെക്രട്ടറി, കെ.സി.ബി.സി. ഐക്യ ജാഗ്രതാ കമ്മീഷൻ) എന്നിവരെ കാണാം.

# യോഗപ്രചരണത്തിന്റെ രാഷ്ട്രീയവും മൂലധനതാൽപര്യങ്ങളും: ഇ എം സതീശൻ

നിർമ്മലമായ പ്രകൃതിയോടിണങ്ങി മനുഷ്യൻ ജീവിച്ചിരുന്ന ഒരു കാലത്ത് ശാരീരികമായ അധ്വാനശീലമില്ലാതെ കഴിഞ്ഞുകൂടിയിരുന്ന വരേണ്യവിഭാഗത്തിൽപ്പെട്ട ഒരു ചെറു ന്യൂനപക്ഷം, ആരോഗ്യവും ശരീരത്തിന്റെ സന്തുലനാവസ്ഥയും പരിരക്ഷിക്കാൻ അനുഷ്ഠിച്ചിരുന്ന വ്യായാമമുറയാണ് യോഗാഭ്യാസം, പാടത്തും പറമ്പിലും മറ്റും കായികാധ്വാനങ്ങളിൽ ഏർപ്പെട്ടിരുന്ന മഹാഭൂരിപക്ഷം, സാധാരണ ജനവിഭാഗങ്ങൾ ആരുംതന്നെ യോഗ അഭ്യസിച്ചിരുന്നതായി ചരിത്രത്തിൽ എവിടെയും രേഖപ്പെടുത്തിക്കാണുന്നില്ല. അവർക്കതിന്റെ ആവശ്യവും ഉണ്ടായിരുന്നില്ല.

യോഗയുടെ ആഗോള പ്രചരണത്തിലൂടെ രണ്ട് കാര്യങ്ങളാണ് പ്രധാനമായും നമ്മുടെ ഭരണാധികാരികൾ ലക്ഷ്യമിടുന്നത്. ഭാരതത്തിലെ വരേണ്യവർഗ പാരമ്പര്യത്തിന്റെ ഭാഗമായി വളർന്നുവന്ന യോഗയെ 'ഹിന്ദുത്വത്തിന്റെ' കാവിച്ചരടിൽ കൂട്ടിക്കെട്ടി ജനതയെയാകെ സ്വന്തം മതരാഷ്ട്രീയത്തിന്റെ വരുതിയിലേയ്ക്ക് ആകർഷിക്കാം. അതിന് ഇടനിലക്കാരായി നിൽക്കുന്ന ചെറുതും വലുതുമായ ആത്മീയ വ്യപാരികൾക്ക് ആഗോളതലത്തിൽ വിൽപനസാധ്യതകളുള്ള നല്ലൊരു പ്രൊഡക്ടാക്കി യോഗയെ ലോകമാർക്കറ്റിൽ അവതരിപ്പിക്കാം........

ആധുനികകാലത്തെ തൊഴിൽ-ജീവിതരീതികളും ഭോഗതൃഷ്ണസംസ്കാരവും സൃഷ്ടിക്കുന്ന ശരീരഭയവും രോഗാരിഷ്ടതകളും ഉണർത്തുന്ന നിസ്സഹായതകളെ ആഗോളതലത്തിൽ മുതലെടുക്കാനുള്ള മൂലധനതന്ത്രമാണ് യോഗവിപണനം. നിർദോഷകരവും നിഷ്കളങ്കവുമായ ഭാരതത്തിന്റെ മഹത്തായ ജ്ഞാനസിദ്ധിയെ ലാഭമോഹങ്ങൾക്ക് നിഷ്ക്കരുണം ഇരയാക്കുകയാണ് ഭരണകൂടവും മൂലധനശക്തികളും ചെയ്യുന്നത്.

*(ജനയുഗം 4/8/2015)*

# ഗാർഹിക പീഡനം കൂടുന്നു

സ്ത്രീകൾക്ക് വീടുകളും സുരക്ഷിതമല്ലാതാകുന്നു....? മദ്യവും മയക്കുമരുന്നും സോഷ്യൽ മാധ്യമങ്ങളുടെയും പുതിയ സാങ്കേതിക വിദ്യകളുടെയും സ്വാധീനവും ഗാർഹിക പീഡനങ്ങൾ കൂടാൻ കാരണമാകുന്നു. ദേശീയതലത്തിൽ നാഷണൽ ക്രൈം റെക്കാർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 11,18,886 ഗാർഹിക പീഡന കേസുകളാണ് 2013-14ൽ റിപ്പോർട്ട് ചെയ്തിരുക്കുന്നത്. കേരള പോലീസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 4810 ഗാർഹിക പീഡനകേസുകൾ 2014-15 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ത്രീകളുടെ അവകാശങ്ങളും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് ഗാർഹിക അതിക്രമ നിരോധന നിയമം കാര്യക്ഷമമാക്കുന്നു. രക്തബന്ധം, വിവാഹബന്ധം,ദത്തെടുക്കൽ,കൂട്ടു കുടുംബം എന്നിവയിലൂടെ ഒരു വീട്ടിൽ ഒരുമിച്ച് താമസിക്കുന്നവർക്ക് മറ്റ് അംഗങ്ങളിൽ നിന്നുണ്ടാവുന്ന ശാരീരിക-മാനസീക-ലൈംഗിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെയും ഈ നിയമം സംരക്ഷിക്കുന്നു സ്ത്രീധനത്തിനു വേണ്ടിയുള്ള പീഡനങ്ങളും നിയമത്തിന്റെ പരിഗണനയിൽ വരും. ഗാർഹിക പീഡനങ്ങൾ കുറയ്ക്കുന്നതിന് വിവാഹപൂർവ കൗൺസിലിങ്ങ് ഫലപ്രദമാക്കണമാക്കണമെന്ന് കുടുംബക്കോടതി ജഡ്ജി പി.മോഹൻദാസ് അഭിപ്രായപ്പെട്ടു. ഗാർഹിക പീഡനം കൂടുന്നതിന് കാരണം ഇതിനെതിരെയുള്ള നിയമത്തെ കുറിച്ച് വ്യക്തമായ ധാരണയില്ലാത്തതുകൊണ്ടാണെന്ന് വനിതാകമ്മീഷൻ അംഗം ലിസി ജോസ് പറഞ്ഞു **(മാതൃഭൂമി 4/8/2015)**

# അന്ധർക്കും ബധിരർക്കുമായി കെസിബിസിയുടെ ആക്സസബിൾ സൈൻ ബൈബിളുകൾ

കാഴ്ചയുടെയും ശബ്ദങ്ങളുടെയും ലോകം അന്യമായവർക്ക് ഇനി വചനം അന്യമാവില്ല. അന്ധർക്കും ബധിരർക്കുമായി കേരള കാത്തലിക ബൈബിൾ സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി ഉപഹാരമായി പ്രത്യേക ആക്സസബിൾ സൈൻ ബൈബിളുകൾ തയ്യാറായി.

*(ദീപിക 10/8/2015)*

# കത്തോലിക്കാ സമുദായത്തെ ഒരു പാർട്ടിക്കും തീറെഴുതിയിട്ടില്ല: അഡ്വ. ബിജു പറയന്നിലം

കത്തോലിക്കാ സമുദായത്തെ ഒരു രാഷ്ട്രീയ പാർട്ടിക്കും തീറെഴുതിയിട്ടില്ലെന്നു കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം പറഞ്ഞു. മോചനയാത്രയയോട് അനുബന്ധിച്ച് ഇരിങ്ങാലക്കുടയിൽ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു. കാർഷിക അവഗണനയ്ക്കും മതതീവ്രവാദത്തിനും അഴിമതിയ്ക്കുമെതിരെ കത്തോലിക്ക കോൺഗ്രസ്സ് ആഗസ്റ്റ് ഒന്നാം തീയതി കാസർകോഡും നിന്നും തിരുവനന്തുപുരത്തുനിന്നും ആരംഭിച്ച മോചനയാത്ര ആഗസ്റ്റ് 8ന് ശനിയാഴ്ച അങ്കമാലിയിൽ സമാപിച്ചു. *(ദീപിക 8,9/8/2015)*

# വധശിക്ഷ ഉയർത്തുന്ന ചോദ്യങ്ങളും ആശങ്കകളും

ഒരു ജനാധിപത്യരാജ്യത്തിലെ രണ്ട് പ്രധാനപ്പെട്ട ഭരണഘടനാസംവിധാനങ്ങൾ ആണ് നിയമനിർമ്മാണ സഭകളും, നീതിനിർവ്വഹണ കോടതികളും. ഈ രണ്ട് സംവിധാനങ്ങളും അതിന്റെ അടിസ്ഥാനപരമായ ഉത്തരവാദിത്വങ്ങളിൽ നിന്നും, പിന്നോട്ട് പോകുന്ന കാഴ്ചയാണ് ഈ ദിവസങ്ങളിൽ ഇന്ത്യ ദർശിക്കുന്നത്. ഒരു പൗരന്റെ ജീവിക്കാനുള്ള അവകാശത്തിന്റെ മേലുള്ള കടന്നുകയറ്റമല്ലേ വധശിക്ഷ?. എല്ലാ ജീവനും സംരക്ഷിക്കപ്പെടേണ്ടതാണ് എന്നുള്ളതാണ് സഭയുടെ അടിസ്ഥാനപഠനം. കുറ്റം ചെയ്യുന്ന വ്യക്തികൾ മാതൃകാപരമായി ശിക്ഷിക്കപ്പെടണം. എന്നാൽ അത് അവന്റെ മാനസികവും, സാമൂഹികവുമായ സൗഖ്യപ്പെടലിന് ഉപകരിക്കുന്നതായിരിക്കണം. വധശിക്ഷ നിരോധനം ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഈ സന്ദർഭത്തിൽ നമ്മുടെ ചർച്ചകൾ അതിലേക്കാണ് വിരൽ ചൂണ്ടേണ്ടത്.

*(കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ)*

# ഗർഭച്ഛിദ്ര നിയമ ഭേദഗതിക്കെതിരെ റാലിയും ധർണയും

കേന്ദ്രസർക്കാരിന്റെ ഗർഭച്ഛിദ്ര നിയമഭേദഗതിക്കെതിരെ കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ നേതൃത്വത്തിൽ കത്തോലിക്കാ സഭയുടെ മൂന്നു റീത്തുകളും സംയുക്തമായി ആഗസ്റ്റ് 10ന് തിരുവനന്തപുരത്ത് പരിഹാരറാലിയും പ്രതിഷേധ ധർണയും നടത്തി.

*(ദീപിക 11/8/2015)*